# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1667 — 06.03.2017-ൽ മറുപടിയ്ക്ക്

## ഭിന്നശേഷിയുള്ളവരുടെ സമഗ്ര പരിചരണത്തിനായി പ്രത്യേക പദ്ധതി

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അനൂപ് ജേക്കബ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | അടുത്ത സാമ്പത്തിക വർഷം മുതൽ ഭിന്നശേഷിയുള്ളവരുടെ സമഗ്ര പരിചരണത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് മാത്രമെ അംഗീകാരം നൽകു എന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | ഇല്ല.<br>വികസന ഫണ്ടിന്റെ 5 ശതമാനം തുക കുട്ടികൾക്കും ഭിന്നശേഷിയുള്ളവർക്കുമായി നീക്കി വയ്ക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. |
| (ബി) | ഭിന്നശേഷിക്കാർക്ക് അടിസ്ഥാന സൗകര്യമൊരുക്കുവാൻ എം.എൽ.എ.മാരുടെയും എം.പി.മാരുടെയും പ്രത്യേക ഫണ്ട് വിനിയോഗിക്കുവാൻ അനുമതി നൽകുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഉണ്ട്.<br>പ്രസ്തുത ഫണ്ട് വിനിയോഗിച്ച് അംഗപരിമിതർക്ക് നല്കുന്ന അടിസ്ഥാന സൗകര്യ വികസനം അവർക്ക് സൗഹാർദ്ദപരവും, സൗകര്യപ്രദവുമായിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അംഗപരിമിതർക്ക് സൈഡ് വീൽ ഘടിപ്പിച്ച മുച്ചക്ര സ്കൂട്ടറുകളും വീൽ ചെയറുകളും നൽകാനായി എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയ്ക്കൊപ്പം നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നുള്ള തുക കൂടി വിനിയോഗിക്കുന്നതിന് പ്രത്യേകാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ